# 13th Kottayam District Sub Junior Throwball Championship 2026-27

## News Paper Cuttings

### ത്രോബോൾ ചാമ്പ്യൻ ഷിപ്പ് 26ന്

**കോട്ടയം**

ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് ശനിയാഴ്ച ആർപ്പൂക്കര സെന്റ് ജോസഫ്സ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ നടക്കും. 23ന് മുമ്പ് പ്ലെയർ രജിസ്ട്രേഷനും ടീം രജിസ്ട്രേഷനും www.throwballkerala.com എന്ന വെബ്സൈറ്റിൽ പൂർത്തിയാക്കണം. ചാമ്പ്യൻഷിപ്പിൽ മറ്റേതെങ്കിലും കാരണത്താൽ പങ്കെടുക്കാൻ കഴിയാത്ത മുമ്പ് കളിച്ചിട്ടുള്ള നിലവിലെ ത്രോബോൾ താരങ്ങൾ ചാമ്പ്യൻഷിപ്പിന് മുമ്പ് അപേക്ഷ ജില്ലാ സെക്രട്ടറിക്കും സംസ്ഥാന ത്രോബോൾ അസോസിയേഷനും Jojimondevasia38@gmail.com, throwballkerala@gmail.com എന്ന ഇമെയിലിലൂടെ ഒറ്റ അറ്റാച്ച്മെന്റ് ആയി അപേക്ഷ അയക്കണം.

**ദേശാഭിമാനി**

**Dheshabhimani**
**Kottayam edition**
**Date -22/09/2026**
**Page No -3**
**Column No -1**

# സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ്

കോട്ടയം: 13ാമത് ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് 2026–27 26 ന് ആർപ്പൂക്കര സെന്റ് ജോസഫ്സ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വച്ചു നടത്തും.

23 ന് മുൻപായി പ്ലെയർ രജിസ്ട്രേഷനും ടീം രജിസ്ട്രേഷനും www.throwballkerala.com എന്ന വെബ്സൈറ്റിൽ പൂർത്തിയാക്കണം. ഓപ്പൺ സെലക്ഷൻ ഉണ്ടായിരിക്കുന്നതല്ല, ചാമ്പ്യൻഷിപ്പിൽ മറ്റേതെങ്കിലും കാരണത്താൽ പങ്കെടുക്കാൻ കഴിയാത്ത മുൻപ് കളിച്ചിട്ടുള്ള നിലവിലെ ത്രോബോൾ താരങ്ങൾ ചാമ്പ്യൻഷിപ്പിന് മുൻപായി വെള്ളപേപ്പറിൽ കാരണ സഹിതം പേര്, അഡ്രസ്, രജിസ്ട്രേഷൻ നമ്പർ എന്നിവ എഴുതി ജില്ലാ സെക്രട്ടറിക്കും സംസ്ഥാന ത്രോബോൾ അസോസിയേഷനും റിക്വസ്റ്റ്

Jojimondevasia38gmail.com, throwballkeralagmail.com എന്ന ഇമെയിലിലൂടെ ഒറ്റ അറ്റാച്ച്മെന്റ് ആയി അയക്കേണ്ടതാണ്, എങ്കിൽ മാത്രമേ പ്രത്യേക പരിഗണന ലഭിക്കുന്നുണ്ടെങ്കിൽ ലഭിക്കുകയുള്ളൂ.

**Mangalam**
**Kottayam Edition**
**Dated on - 21/09/2026**
**Page No-4**
**Column No -6**

Mathrubhumi
മാതൃഭൂമി

# ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ്

**കോട്ടയം** ▸ ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് 26-ന് ആർപ്പൂക്കര സെയ്ന്റ് ജോസഫ്സ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ നടത്തും. 23-ന് മുൻപായി പ്ലെയർ രജിസ്ട്രേഷനും ടീം രജിസ്ട്രേഷനും www.throwballkerala.com എന്ന വെബ് സൈറ്റിൽ പൂർത്തിയാക്കണം. ഓപ്പൺ സെലക്ഷൻ ഇല്ല. വിവരങ്ങൾക്ക് ഫോൺ-9497465690, 7907963835.

22/09/2026 KOTTAYAM Pg 02

**Mathrubumi**

**Kottayam edition**

**Date - 22/09/2026**

**Page No-2**

**Column no -1,2**

# ഇൻഫെന്റ് ജീസസും മേരി മാതായും ജേതാക്കൾ

കോട്ടയം► 13-ാമത് കോട്ടയം സബ് ജൂനിയർ ജില്ലാ ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ മണർകാട് ഇൻഫെന്റ് ജീസസ്, കടപ്ലാമറ്റം മേരി മാതാ സ്പോർട്സ് അക്കാദമിയെ പരാജയപ്പെടുത്തി ജേതാക്കളായി.

പെൺകുട്ടികളുടെ വിഭാഗത്തിൽ മേരി മാതാ സ്പോർട്സ് അക്കാദമി, മുണ്ടത്താനം ലിറ്റിൽ ഫ്ലവറിനെ പരാജയപ്പെടുത്തി ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി.

ഇൻഫെന്റ് ജീസസിന്റെ ശ്രീഹരി ബിനോയ്, മേരി മാതാ സ്പോർട്സ് അക്കാദമിയുടെ ടി.ആർ. ആചാര്യ ലക്ഷ്മി എന്നിവർ ടൂർണമെന്റിലെ മികച്ച കളിക്കാരായി തിരഞ്ഞെടുത്തു. ഒക്ടോബറിൽ നടക്കുന്ന സംസ്ഥാന സബ് ജൂനിയർ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാനുള്ള ജില്ലാ ടീമുകളെയും തിരഞ്ഞെടുത്തു.

മാതൃഭൂമി

**Mathrubumi**
**Kottayam edition**
**Date -27/09/2026**
**Page no - 5**
**Column no -1**

# ദേശാഭിമാനി

■ ത്രോബോൾ ചാമ്പ്യൻഷിപ്പ്

## ഇൻഫെന്റ് ജീസസും മേരി മാതാ സ്പോർട്സ് അക്കാദമിയും ജേതാക്കൾ

**ആർപ്പൂക്കര**

സെന്റ് ജോസഫ് സീനിയർ സെക്കൻഡറി സ്കൂൾ മൈതാനത്ത് നടന്ന 13ാമത് സബ് ജൂനിയർ ജില്ലാ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ മണർകാട് ഇൻഫെന്റ് ജീസസ് ചാമ്പ്യന്മാരായി. ഫൈനലിൽ കടപ്ലാമറ്റം മേരി മാതാ സ്പോർട്സ് അക്കാദമിയെയാണ് തോൽപ്പിച്ചത്. പെൺകുട്ടികളുടെ വിഭാഗത്തിൽ കടപ്ലാമറ്റം മേരി മാതാ സ്പോർട്സ് അക്കാദമി ജേതാക്കളായി. ഫൈനലിൽ ലിറ്റിൽ ഫ്ലവർ മുണ്ടത്താനത്തെ തോൽപ്പിച്ചു. ഇൻഫെന്റ് ജീസസിന്റെ ശ്രീഹരി ബിനോയ്, മേരി മാതാ സ്പോർട്സ് അക്കാദമിയുടെ ആചാര്യലക്ഷ്മി എന്നിവർ മികച്ച കളിക്കാരായി. പ്രിൻസിപ്പൽ സിസ്റ്റർ സിയോൺ സമ്മാനങ്ങൾ വിതരണം ചെയ്തു. ഉഷാകുമാരി, കെടിഎ ഒബ്സർവർ അനയി മുരുകൻ, ജില്ലാത്രോബോൾ അസോസിയേഷൻ സെക്രട്ടറി ജോജിമോൻ ദേവസ്യ എന്നിവർ സംസാരിച്ചു.



ജില്ലാ ത്രോബോൾ ചാമ്പ്യൻഷിപ്പ് ജേതാക്കളായ മണർകാട് ഇൻഫന്റ് ജീസസ് ബഥനി കോൺവന്റ് എച്ച് എസ്എസ്

**Dheshabhimani**

**Kottayam edition**

**Date -27/09/2026**

**Page no -12**

**Column no - 6,7,8**